സിറ്റിസൺ അദാലത്ത്- ഇന്റേണൽ വിജിലൻസ് ഓഫീസർ -3, LSGD, ഇടുക്കി

പ്രൊസീഡിംഗ്സ് നമ്പർ- 100/2023 IVO LSGD ,Idukki dtd 02/03/2024

**പരാതിക്കാരൻ- ജോസ് മാത്യൂ നേര്യംപറമ്പിൽ വീട്, അറക്കുളം പി.ഒ.**

**അറക്കുളം ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീ. ജോസ് മാത്യുവിന് ഹോം സ്റ്റേ നടത്തുന്നതിന് ലൈസൻസ് നിഷേധിച്ചത് സംബന്ധിച്ചാണ് പരാതി.**

## സെക്രട്ടറിയുടെ റിപ്പോർട്ട്

ശ്രീ. ജോസ് മാത്യുവിന്റെ ഉടമസ്ഥതയിൽ 1/359 A നമ്പർ കെട്ടിടത്തിൽ Stone Castle ഹോം സ്റ്റേ നടത്തുന്നതിനുള്ള അപേക്ഷയിൽ പരിശോധന നടത്തിയതിൽ അപേക്ഷകൻ ടി കെട്ടിടത്തിൽ താമസമില്ല എന്ന് ബോധ്യപ്പെട്ടതിനാൽ നിരസിച്ചതായി റിപ്പോർട്ട് ചെയ്തു.

## തീരുമാനം

ബഹു. സംസ്ഥാന സർക്കാർ വിനോദ സഞ്ചാരം (സി) വകുപ്പിന്റെ 03.06.2022 ലെ 177/2022/TSM നമ്പർ ഉത്തരവ് പ്രകാരം ഹോം സ്റ്റേകളുടെ നടത്തിപ്പിന് വേണ്ടിയുള്ള വിനോദ സഞ്ചാര വകുപ്പ് നൽകുന്ന ഹോം സ്റ്റേ ക്ലാസിഫിക്കേഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രം ഒഴിവാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ അപേക്ഷകന് വിനോദ സഞ്ചാര വകുപ്പിൽ നിന്നുള്ള ക്ലാസിഫിക്കേഷൻ രേഖ ഉണ്ടെങ്കിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രത്യേകം അനുവാദം ആവശ്യമില്ല എന്ന് കാണുന്നു. ടി സാഹചര്യത്തിൽ വിനോദ സഞ്ചാര വകുപ്പിൽ നിന്നുള്ള ക്ലാസിഫിക്കേഷൻ രേഖകളുടെ അടിസ്ഥാനത്തിൽ ഹോം സ്റ്റേ നടത്തുന്നതിന് അപേക്ഷകന് തടസ്സമില്ല എന്ന് അറിയിച്ചുകൊണ്ട് പരാതി തീർപ്പാക്കി തീരുമാനിച്ചു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603